കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വെളിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി12-234/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ -688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി : 10.06.2020

ഡെപ്യൂട്ടി ഡയറക്ടർ

.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയനാട് ഗ്രാമ പഞ്ചായത്ത്

:

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്ത്- 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി12-234/2020 തീയതി, 10.06.2020

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 11.03.2019 മുതൽ 27.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ.കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ. |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.02.2020 മുതൽ 10.03.2020 വരെ | ശ്രീ. സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.).<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ. |

**ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.സാബു ചാക്കോ. | 01.04.2018 മുതൽ 31.03.2019 വരെ |

**സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. വനജ പുഷ്പൻ | 01.04.2018 – 31.03.2019 |
| 2 | ക്ഷേമകാര്യം | ശ്രീമതി. ശോഭന സുകുമാരൻ | 01.04.2018 – 31.03.2019 |
| 3 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീ. കെ. മോഹൻലാൽ | 01.04.2018 – 31.03.2019 |

| | | | |
|---|---|---|---|
| 4 | വികസനം | ശ്രീ. ഔസേപ്പച്ചൻ ഔസേഫ് | 01.04.2018 – 31.03.2019 |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീമതി. ടെസ്സീല. എൻ. എ | 01.04.2018 മുതൽ 31.03.19 വരെ |

**3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | പ്രീജബാലൻ | 01.04.18 മുതൽ 14.11.18 വരെ |
| | | അനിൽ കെ. ആന്റോ | 15.11.18 മുതൽ 22.02.19വരെ |
| | | മെഘ്ന | 23.02.19 മുതൽ 14.03.19വരെ |
| | | നിഖിൽ ആർ പിള്ള | 15.03.19 മുതൽ 31.03.19വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ജോസ് മാത്യു | 01.04.18 മുതൽ 31.03.19 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മോനിഷ. എസ് | 01.04.18മുതൽ 31.3.19 വരെ |
| 4 | മെഡിക്കൽ ഓഫീസർ (സിഎച്ച്.സി) | ഡോ.ലില്ലി.എൻ. | 01.04.18 മുതൽ 31.03.19 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വിഷ്ണു നമ്പൂതിരി | 1.4.18 മുതൽ 31.3.19വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രാജി. ആർ. നായർ | 1.4.18 മുതൽ 31.3.19വരെ |
| 7 | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് | ശ്രീമതി. ജയലക്ഷ്മി | 1.4.18 മുതൽ 17.05.18വരെ |
| | | ശ്രീമതി. ഷീബാ ടോമി (സീനിയർ അസിസ്റ്റന്റ് ) | 18.05.2018 മുതൽ 04.06.2018വരെ |
| | | ശ്രീ.വാമനൻ. | 05.06.18 മുതൽ 31.03.19വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. അജിത അനീഷ്<br>ശ്രീമതി. രാജിമോൾ.എസ്സ്. | 01.04.18 മുതൽ 06.03.19 വരെ<br>07.03.19 മുതൽ 31.03.19 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബിജു. എം. ബി. | 1.4.18 മുതൽ 31.03.19 വരെ |
| 10. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിഷ. എ. എൻ | 01.04.18 മുതൽ 24.10.18 FNവരെ |

| | | |
|---|---|---|
| | | |
| | ഡോ.പ്രമിത.പി.പിള്ള. | 24.10.18 ANമുതൽ 31.03.2019. |

**ഉള്ളടക്കം**



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല |
| 3 | 1-14 | ബിഎസ്എൻ എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല |
| 4 | 1-15 | വസ്തു നികുതി-മേഖല വിഭജനത്തിന്റെ അടിസ്ഥാനത്തില്ലാതെ ഈടാക്കുന്നു |
| 5 | 1-16 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) അപാകങ്ങൾ |
| 6 | 1-17 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകളുടെ നിരക്ക് പ്രകാരം തുക നൽകുന്നു - |
| 7 | 1-18 | പൊതു ടാപ്പുകളുടെ വെള്ളക്കരം - ലക്ഷങ്ങൾ കുടിശിക |
| 8 | 1-19 | എച്ച്.എം .നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 9 | 1-20 | ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. |
| 10 | 1-21 | പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കാതെ തുക നൽകി - നഷ്ടം-6397/- |
| 11 | 1-22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു |
| 12 | 1-23 | യോഗപരിശീലനം-ചെലവ് രേഖകൾ അപൂർണ്ണം |
| 13 | 1-24 | വൃദ്ധജനസൗഹൃദ ക്ലിനിക്ക്- ആവശ്യകത നിർണ്ണയിക്കാതെ മരുന്ന് വാങ്ങി |
| 14 | 1-25 | പ്രസവാനന്തര ശുശ്രൂഷയും മരുന്ന് നൽകലും- മുൻകൂർ സർക്കാർ അനുമതി വാങ്ങിയില്ല |
| 15 | 1-26 | ഫർണ്ണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബില്ലിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല |
| 16 | 1-27 | നെൽവിത്ത് സബ്സിഡി-ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 17 | 1-28 | സബ്സ്ഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിനായി ചെലവ് |
| 18 | 1-29 | വീട് വാസയോഗ്യമാക്കൽ (എസ്.സി) -പ്രോജക്ട് പ്രകാരം അനുവദിച്ച തുകയേക്കാൾ അധികം അനുവദിച്ചു. |
| 19 | 1-30 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് ടെണ്ടർ നൽകി-നഷ്ടം- 18962/-രൂപ |
| 20 | 1-31 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല- നഷ്ടം - 10250/- |
| 21 | 1-32 | ഗുണഭോക്തൃ സമിതി പ്രവർത്തികൾക്ക് വാറ്റും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് മൂലം നഷ്ടം - 11157/- |
| 22 | 1-33 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചു നൽകി - നഷ്ടം- 8673/- |
| 23 | 1-34 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 24 | 1-35 | മുൻ വർഷം നടത്തിയ ഡെപ്പോസിറ്റ് പദ്ധതികളുടെ പൂർത്തീകരണ വിവരം തൻവർഷവും ലഭ്യമല്ല - |
| 25 | 1-36 | തൊഴിലുറപ്പ് പദ്ധതി -3കോടിയിലേറെ രൂപ ചെലവഴിച്ച പ്രവർത്തികളുടെ ചെലവ് രേഖകളില്ല- |

| | | |
|---|---|---|
| 26 | 1-37 | കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് - |
| 27 | 1-38 | ഷ്രെഡഡ് പ്ലാസ്റ്റിക്ക്ഉപയോഗം - സർക്കാർ നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ല. |
| 28 | 1-39 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ - |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 29 | 3-1 | വീട് വാസയോഗ്യമാക്കൽ (എസ്.സി) -പ്രോജക്ട് പ്രകാരം അനുവദിച്ച തുകയേക്കാൾ അധികം അനുവദിച്ചു. |
| 30 | 3-2 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് ടെണ്ടർ നൽകി-നഷ്ടം- 18962/-രൂപ |
| 31 | 3-3 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല- നഷ്ടം - 10250/- |
| 32 | 3-4 | ഗുണഭോക്തൃ സമിതി പ്രവർത്തികൾക്ക് വാറ്റും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് മൂലം നഷ്ടം - 11157/- |
| 33 | 3-5 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചു നൽകി - നഷ്ടം- 8673/- |
| 34 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 35 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 36 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 20.3.2018-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ട്. യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 ലെ നിർദ്ദേശങ്ങൾ പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 66234775 | 61275000 |
| വാർഷിക കണക്ക് പ്രകാരം | 37708868 | 37784361 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 16-05-2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | KSA-ALP-P-12-537/2019 തീയതി. 27-06-2019 | വിശേഷണങ്ങളോടുകൂടിയത് |

### 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7710869 |

| | |
|---|---|
| വരവ് | 37708868 |
| ആകെ | 45419737 |
| ചെലവ് | 37784361 |
| നീക്കിയിരുപ്പ് | 7635376 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 0 | 9902337 | 9902337 | 9542708 | 359629 | വികസനഫണ്ട് (ജനറൽ വിഭാഗത്തിൽ) യഥാർത്ഥത്തിൽ 3 ഗഡുക്കളായി ആകെ 10163000/-രൂപ വരവുണ്ട്. ഇതിൽ 253351/- രൂപ വാട്ടർ അതോറിറ്റി വെള്ളക്കരം കുടിശ്ശികയിലും 7312/- രൂപ കെ.എസ്.ഇ.ബി. കുടിശ്ശിക ഇനത്തിലും ഉറവിടത്തിൽ കുറവു വരുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഉൾപ്പെടാത്ത തുകയാണ് പഞ്ചായത്ത് കണക്കിലും രേഖകളിലും ആകെ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം പഞ്ചായത്തിന്റെ വാർഷിക കണക്ക് യഥാർത്ഥ ധനസ്ഥിതിയെ വെളിപ്പെടുത്തുന്നില്ല. |
| വികസനഫണ്ട് - എസ്.സി.പി. | 0 | 2889000 | 2889000 | 1340026 | 1548974 | |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 98000 | 98000 | 98000 | 0 | |
| സി.എഫ്.സി | 0 | 4717000 | 4717000 | 4064894 | 652106 | |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 1978000 | 1978000 | 1555657 | 422343 | |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 0 | 2780000 | 2780000 | 2092252 | 687748 | |
| ബി. ഫണ്ട് | 0 | 65880 | 65880 | 65880 | 0 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| **115** | **57973066** | **78** | **28087043** | **3** | **34** | **68** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 26502 | 623581 | 650083 | 649160 | 923 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30165036 | 30165036 | 30165036 | 0 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65880 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 12538100 | 1082 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 3795300 | 327 |
| വാർദ്ധക്യകാല പെൻഷൻ | 6815800 | 623 |
| വികലാംഗപെൻഷൻ | 2000200 | 168 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം. | 60000 | 2 |
| അവിവാഹിതപെൻഷൻ | 246400 | 18 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.02.2020 3.30 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25179/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പുതിയ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചകളോ, അഭിപ്രായങ്ങളോ ഉണ്ടാകുന്നില്ല.അതുകൊണ്ടു തന്നെ പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയവ തന്നെയാണ്പ്രധാന വരുമാന സ്രോതസ്സുകൾ. തനത് വരുമാനം തുലോം പരിമിതമായ ഈ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കണ്ടെത്തേണ്ടതാണ്.
2. 2013 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പുനർനിർണ്ണയിച്ചതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് തൻവർഷം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം, സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധനാ വിധേയമാക്കിയതിൽ, ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ചിരിക്കുന്നതായി കണ്ടു. നികുതി നിർണ്ണയത്തിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്ന് ഇതിൽ നിന്നും വിലയിരുത്തുന്നു. (ഉദാഹരണങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) (1-15).
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിൽ വ്യാപാരം നടത്തുന്ന എല്ലാ സ്ഥാപന ഉടമകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പെർമനന്റ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസിനത്തിൽ വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല. സ്റ്റേഷനറികൾ ടെണ്ടറുകൾ വിളിച്ച് ഒരുമിച്ച് വാങ്ങാതെ ആവശ്യാനുസരണം വാങ്ങുന്ന സമ്പ്രദായമാണ് തൻവർഷം നടത്തിയിട്ടുള്ളതെന്നു കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റും തയ്യാറാക്കപ്പെടുന്നില്ല.
5. വിവിധ ആസ്തികളുടെ വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
7. വാട്ടർ അതോറിറ്റിക്ക് എല്ലാ മാസവും ഭീമമായ തുകയാണ് പിഴപലിശ ഇനത്തിൽ ഒടുക്കുന്നത്. തനത് വരുമാനം തീരെ ശുഷ്കമായ ഈ പഞ്ചായത്തിൽ ഭീമമായ തുകയാണ് ഈ ഇനത്തിൽ നഷ്ടമാകുന്നത്.

8. കറന്റ് ചാർജ്ജിനത്തിൽ സാധാരണ ബൾബുകൾ ഉപയോഗിക്കുന്ന എന്നതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന ബിൽ അടിസ്ഥാനമാക്കി തുക ഒടുക്കുന്നതിനാൽ ഭീമമായ തുക നഷ്ടമാകുന്നു.
9. പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2019 | 11/19 | 03.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-2016 മുതൽ 16-03-2016 വരെ | 2010-11 - 2014-15 | 10-05-2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

അപാകതകൾ KSA-ALP-P12-537/2019 തീയതി 27.06.2019 റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകളും കണ്ടെത്തുകയുണ്ടായി. വികസന ഫണ്ടിനത്തിൽ (ജനറൽ) 3 ഗഡുക്കളായി ആകെ 10163000/- രൂ. അനുവദിച്ചിട്ടുണ്ട്. ഇതിൽ 3ാം ഗഡുവിൽ നിന്നും കെഎസ്സ്ഇബി, വാട്ടർ അതോറിറ്റി കുടിശ്ശികയിനത്തിൽ യഥാക്രമം 253351/- രൂപയും, 7312/- രൂപയും ഉൾപ്പടെ ആകെ 260663/- രൂ. ഉറവിടത്തിൽ നിന്നും ടിയിനത്തിലെ കുടിശികയിനത്തിൽ കുറവ് ചെയ്തതിന് ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി തുക വാർഷിക കണക്കിൽ വരവിലും, ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത്രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും പത്രികകളും പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1)സെന്റ് മൈക്കിൾസ് എൽ.പി.എസ് ജീവനക്കാർ

2)വെളിയനാട് ക്ഷീരസഹകരണസംഘം

3)കിടങ്ങറ ക്ഷീരസഹകരണ സംഘം

4)റേഷൻ കടയുടമകൾ

5)അമൂല്യ ലിറ്ററസി സെന്റർ

6)പഞ്ചായത്തിലെ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ

1)സിജു.വി, പുത്തൻചിറ

2)ജോസഫ് കുട്ടിജോസഫ്, തുരുത്തേൽ

3) കെ.ഷാജി, കിഴക്കേടം

4)പി.ജെ.ആന്റണി, പട്ടത്താനം

5) അനിരുദ്ധൻ പി.എസ്, ആതിരാഭവൻ

6)അജീഷ് .വി.എ, അനിതാ നിവാസ്

7)സജീഷ് .ടി.എസ്, തോണിപ്പറമ്പ്

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.21/4.3.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതികൾ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011 തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് പരമാവധി 500/-രൂപ വരെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ വസ്തുനികുതി 2013-14 മുതൽ നാളിതുവരെ ഒടുക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ 30240/-രൂപ കുടിശ്ശികയുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ് പ്രകാരം ആകെ രണ്ട് മൊബൈൽ ടവർ മാത്രമാണ് ഉള്ളത്. പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (17/4.3.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2 /2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തേണ്ടതാണ്.

## 1-15 വസ്തു നികുതി-മേഖല വിഭജനത്തിന്റെ അടിസ്ഥാനത്തില്ലാതെ ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 -ലെ പട്ടിക 1 പ്രകാരം മേഖലകളുടെ അടിസ്ഥാനത്തിൽ നികുതി ഇളവ്/വർദ്ധനവ് ബാധകമാണ്. പഞ്ചായത്തിന്റെ സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ റോഡിൽ സ്ഥിതി ചെയ്യുന്ന വളരെയധികം കെട്ടിടങ്ങളെ വ്യത്യസ്ഥ മേഖലകളിൽ ഉൾപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നു.

| ക്രമ നം | ഉടമയുടെ പേര്/വാർഡ് /കെട്ടിട നമ്പർ | റോഡിന്റെ പേര് | മേഖല |
|---|---|---|---|
| 1 | വിനോദ് മാർക്കോസ്9/378A | കിടങ്ങറ വലിയപാലം മുതൽ 2-ാം പാലത്തിന് താഴെ വരെ | പ്രഥമം ഇളവില്ല |
| 2 | ദിബാഷ്.വി.ഡി. | കിടങ്ങറ | തൃതീയം |

| | | | |
|---|---|---|---|
| | 8/367,368,371,372,373 | വലിയപാലം മുതൽ 2-ാം പാലത്തിന് താഴെ വരെ | ഇളവ്-20% |
| 3 | ലത സുമേഷ് ഭവൻ 10/87A | കിടങ്ങറ -കണ്ണാടി റോഡ് | പ്രഥമം ഇളവില്ല |
| 4 | കെ.പി.സദാന്ദൻ,10/89A | കിടങ്ങറ -കണ്ണാടി റോഡ് | ദ്വിതീയം- ഇളവ് -10% |
| 5 | സക്കറിയ ജേക്കബ് 10/103C | കിടങ്ങറ -കണ്ണാടി റോഡ് | ദ്വിതീയം- ഇളവ് -10% |
| 6 | ചെറിയാൻ.കെ.ഫിലിപ്പ് 12/106 A | കിടങ്ങറ -കണ്ണാടി റോഡ് | ദ്വിതീയം- ഇളവ് -10% |
| 7 | ആന്റണി തോമസ് 11/281A | കിടങ്ങറ -കണ്ണാടി റോഡ് | ദ്വിതീയം- ഇളവ് -10% |

ഒരേ മേഖലയിൽ വ്യത്യസ്ഥ രീതിയിൽ നികുതി നിർണ്ണയിച്ച നൽകിയിരിക്കുന്നതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനായി വിവിധ പ്രദേശങ്ങളെ വ്യത്യസ്ഥ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് മേഖലാവിഭജനം നടത്തിയതിന്റെ വിജ്ഞാപനവും, കമ്മറ്റി തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കുവാനാവശ്യപ്പെട്ട് 4/3/2020ൽ 18-ാം നമ്പരായി എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) അപാകങ്ങൾ

A)1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാൽ സൊസൈറ്റികൾ (ക്രമ നം-132) റേഷൻ കടകൾ, മാവേലി സ്റ്റോർ (പട്ടിക ക്രമ നം-149) അബ്കാരി ഷാപ്പുകൾ (പട്ടിക ക്രമ നം-139) ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. മാത്രവുമല്ല, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തി പെർമനന്റ് ഡിമാന്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല.

1. വെളിയനാട് ക്ഷീര സഹകരണ സംഘം
2. കിടങ്ങറ ക്ഷീരസഹകരണ സംഘം
3. മാവേലി സ്റ്റോർ
4. കള്ളുഷാപ്പുകൾ
5. റേഷൻ കടകൾ

B)ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പട്ടിക 3 പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി പരമാവധി ഈടാക്കാവുന്നതുക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | വാർഡ്/ കെട്ടിട നമ്പർ | ഉപയോഗിച്ച യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കാവുന്ന ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| സജി.കെ | 8/74 | 2.5HP | 50/- | - | 50/- |
| അജയ് സഖറിയ മാത്യൂ | 9/391 | 150 HP | 2000 /- | 1000/- രസീത് നം. 118030100015/ 5.4.18 | 1000/- |
| ആകെ | | | 2050/- | | 1050/- |

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി (21/4.3.2020) യിലൂടെ സൂചിപ്പിച്ചെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) സെക്ഷൻ 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.

## 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകളുടെ നിരക്ക് പ്രകാരം തുക നൽകുന്നു -

വെളിയനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ തെരുവ് വിളക്കിന്റെ താരിഫ് കാർഡ് പ്രകാരം ചുവടെ ചേർത്തിട്ടുള്ള ലൈറ്റുകൾ ഉപയോഗിച്ച ഇനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കിയിട്ടുള്ളതെന്ന് കണ്ടു.

| Sl.No. | Lamp Type | No.Of Lamps | Burning Hours |
|---|---|---|---|
| 1. | CFL Automatic on/off -1x18 | 100 | 12 |
| 2. | Ordinary-1x40 | 2 | 12 |
| 3. | Flourescent Tube - 1x40 | 11 | 12 |
| 4. | SVLamp 1x250 | 3 | 12 |
| 5. | CFL Automatic on/off -2x11 | 85 | 12 |
| 6. | Ordinary- 1x60 | 134 | 12 |
| 7. | Flourescent Tube - 2x40 | 43 | 12 |

ഇതിൽ 60 വാട്ട്സിന്റെ 134 ഉം 40 വാട്ട്സിന്റെ 2ഉം സാധാരണ ബൾബുകളും, 40 വാട്ട്സിന്റെ ഇരട്ട ട്യൂബുകളും ഉപയോഗിക്കുന്നതിനാണ് പ്രതിമാസം 27000/- രൂപയോളം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. സാധാരണ ബൾബുകൾ വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്നതിനാൽ ഇവയുടെ ഉപയോഗം പൂർണ്ണമായും ഇപ്പോൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഇതേ ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ആണ് പഞ്ചായത്ത് ഒടുക്കിക്കൊണ്ടിരിക്കുന്നത്. ഓഡിറ്റ് വർഷം തന്നെ 15 വാട്ട്സിന്റെ 285 സിഎഫ്എൽ ബൾബുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ താരിഫ് കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. പൂർണ്ണമായും ഒഴിവാക്കപ്പെട്ട പഴയ ബൾബുകളുടെ ഉപയോഗത്തിന്റെ നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. കെഎസ്സ്ഇബി അധികൃതരുമായി സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന വൈദ്യുത വിളക്കിനു മാത്രമുള്ള ചാർജ്ജ് ഒടുക്കുന്നതിനും തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ ഉണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം - ലക്ഷങ്ങൾ കുടിശിക

പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശിക മാർച്ച് 2018 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 67,48,171/- രൂപയായിരുന്നു. പ്രതിമാസ ബിൽ തുക 91000/- രൂപ എല്ലാ മാസവും കൃത്യമായി ഒടുക്കുന്നുണ്ട്. കൂടാതെ 2018-19 വർഷം രണ്ട് പ്രോജക്ടുകളിലായി 873351/രൂപ (620000+253351) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ്

സമയത്ത് (03/2020) ഹാജരാക്കിയ 01/2020ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം കുടിശ്ശിക പിഴപ്പലിശ ഉൾപ്പടെ 71,81,742/- രൂപയായി വർദ്ധിച്ചു. ഓരോ മാസവും ഒന്നര ലക്ഷം രൂപയോളം പിഴപ്പലിശ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. വെള്ളക്കരമിനത്തിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിക തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച് വലിയ ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. ആയതിനാൽ വാട്ടർ അതോറിറ്റി അധികൃതരെ സമീപിച്ച് പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഡിമാന്റ് ചെയ്യപ്പെടുന്നതെന്ന് ഉറപ്പാക്കി, വെള്ളക്കരമിനത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിയ്ക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 എച്ച്.എം.നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

**1)തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീസ്**

**പ്രോജക്ട് നം-S008/19**

വികസനഫണ്ടിൽ നിന്നും 95250/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച ഈ പ്രോജക്ടിൽപ്പെടുത്തി 10-ാം ക്ലാസ്സിലെ 21 കുട്ടികൾക്കും, +2വിലെ 30 കുട്ടികൾക്കുമായി ബിൽ നം. 3/18 തീയതി. 31.10.18, പ്രകാരം 95250/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കേരള ലിറ്ററസി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

1. ഈ തുകയുടെ കൈപ്പറ്റു രസീത് ഹാജരാക്കിയില്ല.
2. പഠിതാക്കൾ പരീക്ഷയ്ക്കു ഹാജരായതിന്റേയോ, റിസൾട്ടിന്റേയോ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 95250/- രൂ. തടസ്സപ്പെടുത്തുന്നു.

**2)സ്മാർട്ട് ക്ലാസ് റൂം**

**പ്രോജക്ട് നം-S0080/19**

മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 480000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പ്രോജക്ടിൽപ്പെടുത്തി ബിൽ നം. 1/18 തീയതി.12.7.18 ൽ 475400/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ആവ് ലോൺ സിസ്റ്റത്തിനു നൽകി 4-ഗവ.എൽ.പി.സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് റൂമിനാവശ്യമായ ചുവടെ ചേർത്തിട്ടുള്ള ഉപകരണങ്ങൾ 4 സെറ്റ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

1.സ്മാർട്ട് ബോർഡ്,
2.പ്രൊജക്ടർ,
3.വാൾ മൗണ്ട് കിറ്റ്,
4.കേബിൾ-10മീറ്റർ,
5.ലാപ്ടോപ്പ് (Acer),
6.സ്പീക്കർ സിസ്റ്റം,
7.കമ്പ്യൂട്ടർ ടേബിൾ,
8.യുപിഎസ്സ്.

എച്ച്.എം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 4 സ്കൂളുകൾക്കായി സാധനങ്ങൾ വിതരണം നടത്തിയതായി കാണിച്ചിട്ടുണ്ടെങ്കിലും സ്കൂൾ അധികൃതരുടെ കൈപ്പറ്റു രസീത് ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതിയുടെ ഫലപ്രാപ്തി വ്യക്തമാക്കുന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കുവാനവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയി (26/6.3.2020)ലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 475400/- രൂ. തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. സ.ഉ.(പി)7/2016/ ഫിൻ. തീയതി. 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/14 മുതൽ 01/16വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. വെളിയനാട് ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷം ശമ്പള കുടിശ്ശികയുടെ അവസാന രണ്ടുഗഡുക്കൾ താഴെ വിവരിക്കും പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 3015815 | 16.05.2018 | 67728 |
| 231358 | 01.10.2018 | 65339 |
| 1759454 | 01.10.2018 | 29296 |
| 126019 | 25.02.2019 | 68856 (1&2ഗഡു-ശ്രീ.സജീവ് കെ, മുൻ സെക്രട്ടറി) |
| 126015 | 25.02.2019 | 29209 (3-ാം ഗഡു-ശ്രീ.സജീവ് കെ, മുൻ സെക്രട്ടറി) |

എന്നാൽ ഈ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/03.02.2020)മറുപടി ലഭിച്ചില്ല. ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-21 പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കാതെ തുക നൽകി - നഷ്ടം-6397/-

സെക്രട്ടറി നടപ്പാക്കിയ പദ്ധതി നിർവ്വഹണം എന്ന പ്രോജക്റ്റിൽ (പ്രോജക്ട് നം. 01/19) 2018-19 വർഷം പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരസ്യ ചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/ തീയതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1. | 11/31-10-2018 | 7,088 | പദ്ധതി നിർവ്വഹണം പരസ്യമിനത്തിൽ മലയാള മനോരമ ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| 2. | 19/07-12-2018 | 14,176 | |
| 3. | 20/10-01-2019 | 7,088 | |
| 4. | 30/25-03-2019 | 14,294 | |
| | ആകെ | 42,646 | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 04-01-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് 6397/-രൂപ ഡിസ്കൗണ്ട് ലഭിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (25/06-03-2020) സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 6397/- രൂ. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ "കറുകയിൽ പാലം മുതൽ കൈതക്കളം വരെ പൈപ്പ് ലൈൻ വലിക്കൽ" പ്രോജക്റ്റിനായി (നം. S0119/19) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 300000/- രൂപ ബിൽ നം.18/07.12.2018 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം, പദ്ധതിയുടെ പൂർത്തീകരണവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.(30/07-03-2020) 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-23 യോഗ പരിശീലനം-ചെലവ് രേഖകൾ അപൂർണ്ണം

പ്രോജക്ട് നം. S0072/19

അടങ്കൽ -50,000 (വികസനഫണ്ട്)

ചെലവ് -37,700 (ബിൽ നം. 11/27.03.2019)

യോഗ പരിശീലനം നടത്തി വനിതകളുടെ രോഗപ്രതിരോധം വർദ്ധിപ്പിക്കുക എന്നതായിരുന്നു മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിന് 2019ജനുവരി 27 മുതൽ മാർച്ച് 25 വരെ ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ 'വെളിയനാട് പഞ്ചായത്തിൽ' വച്ച് യോഗ ക്ലാസ് നടത്തിയതിന് എന്ന് രേഖപ്പെടുത്തി 20000/- രൂ. യോഗ പരിശീലകന് വേതനം നൽകുകയും (400*50 ക്ലാസ്=20000), ബാനർ, നോട്ടീസ് എന്നിവയുടെ പ്രിന്റിംഗിനായി 10200/- രൂപയും യോഗപരിശീലന പുസ്തകം 75 കോപ്പി പ്രിന്റ് ചെയ്തതിന് 7500/- രൂപയും താഴെമഠത്തിൽ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് ക്ലാസ്സ് നടത്തിയതിന്റെയും യോഗക്ലാസ്സിൽ ആരൊക്കെ പങ്കെടുത്തു എന്നതിന്റേയും വിവരങ്ങൾ ലഭ്യമല്ല.

(ബി) യോഗപരിശീലന പുസ്തകം സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ രേഖയില്ല.
മേൽ വിവരങ്ങളും, വിനിയോഗ രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല (16/04-03-2020). പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ആയതിനാൽ യോഗ അദ്ധ്യാപകന്റെ വേതനം ഇനത്തിലും പരിശീലന പുസ്തകം പ്രിന്റ് ചെയ്ത ഇനത്തിലും ആകെ ചെലവായ 27500/- രൂ. തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 വൃദ്ധജന സൗഹൃദ ക്ലിനിക്ക്- ആവശ്യകത നിർണ്ണയിക്കാതെ മരുന്ന് വാങ്ങി

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്ട് നം. S0071/19

അടങ്കൽ -200000(വികസനഫണ്ട്)

ചെലവ്

1. ബിൽ നം. 04/31.10.2018 തുക - 120000/-
2. ബിൽ നം. 10/27.03.2019 തുക – 7875/-

വൃദ്ധജന സൗഹൃദ ക്ലിനിക്ക് നടത്തി മരുന്ന് നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ലാബ് പരിശോധന, ഉത്ഘാടനം, പ്രിന്റിംഗ്, മരുന്ന് എന്നിവയ്ക്കായിരുന്നു തുക വകയിരുത്തിയിരുന്നത്. ഇതിൽ മരുന്ന് വാങ്ങുന്നതിന് 1,20,000/- രൂ. ഔഷധിയ്ക്ക് നൽകി. പ്രിന്റിംഗ് ഉത്ഘാടന ചെലവുകൾക്കായി 7,875/- രൂ. ചെലവഴിച്ചു. ഔഷധിയുടെ ബിൽ പ്രകാരം 1,16,549/-രൂപയുടെ മരുന്നുകൾ താഴെ ചേർക്കും പ്രകാരം ലഭ്യമായി.

| പ്രോജക്ട് നം.,<br>പ്രോജക്ടിന്റെ പേര് | നൽകിയ തുക/ബിൽ/<br>ചെക്ക് നം.,തീയതി | ലഭിച്ച മരുന്നുകൾ<br>ഇൻവോയ്സ് നം./തീയതി | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S0071/19<br>വൃദ്ധജന സൗഹൃദ ക്ലിനിക്ക് | 120000<br>4/31.10.18 | 38177/-<br>90091607/27.11.18<br>33047/-<br>90096237/30.12.18<br>10328/-<br>90102624/16.02.19<br>9936/-<br>90108209/17.03.19<br>11395/-<br>90110419/29.03.19 | 3451/- |

| | | | |
|---|---|---|---|
| | | 11146/-<br>90119947/30.06.19<br>2520/-<br>90124106/27.07.19<br>ആകെ -116549 | |

ആകെ നൽകിയ തുകയിൽ 3451/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ, പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനും മരുന്നിന്റെ ആവശ്യകത എപ്രകാരം നിർണ്ണയിച്ചുവെന്നതിനും രേഖാപരമായി സാധൂകരണം ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിലഭിച്ചില്ല.(നം. 16/04.03.2020) മേൽ കാരണങ്ങളാൽ പദ്ധതിയ്ക്ക് കീഴിൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 1,20,000/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 3451/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകളും പദ്ധതിയ്ക്ക് കീഴിൽ വാങ്ങിയ മുഴുവൻ മരുന്നിന്റേയും സ്റ്റോക്ക്, വിതരണ വിവരം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പ്രസവാനന്തര ശുശ്രൂഷയും മരുന്ന് നൽകലും- മുൻകൂർ സർക്കാർ അനുമതി വാങ്ങിയില്ല

പ്രോജക്ട് നം. S0037/19

അടങ്കൽ – 169000 (വികസനഫണ്ട്)

ചെലവ് -150000 (ബിൽ നം. 02/31.10.2018)

മെഡിക്കൽ ഓഫിസർ (ആയുർവേദം) നടപ്പാക്കിയ ഈ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക് 150000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ തുക മുൻകൂറായി നൽകിയിട്ടും ഔഷധി മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ലഭിച്ച മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖ ഹാജരാക്കി ഇതു പ്രകാരം ചുവടെ ചേർക്കും വിധം 144786/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധി സപ്ലൈ ചെയ്തത്. 5214/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | ലഭിച്ച മരുന്നുകൾ ഇൻവോയ്സ് നം./ തീയതി | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| 1 | S0037/19 പ്രസവാനന്തര ശുശ്രൂഷയും, മരുന്ന്<br>നൽകലും | 39287/-<br>90090071/16.11.18<br>25101/-<br>90094086/17.12.18<br>20704/-<br>90105107/28.02.19<br>9248/-<br>90108279/17.03.19<br>11214/-<br>90110863/30.03.19<br>18414/- | 5214/- |

| | | | |
|---|---|---|---|
| | | 90115655/31.05.19<br>20818/-<br>90119076/28.06.19<br>ആകെ -144786/- | |

മേൽക്കാരണങ്ങളാൽ ഈ പദ്ധതിയ്ക്ക് കീഴിൽ നടത്തിയ ചെലവ് 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിന് ലഭിച്ച സർക്കാർ അനുമതിയുടെ വിശദാംശങ്ങളും ലഭിക്കാനുള്ള മരുന്ന് ലഭിച്ചതിന്റെ വിശദാംശങ്ങളും വിതരണ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഫർണ്ണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബില്ലിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സിദ്ധ ആശുപത്രി, ആയൂർവേദ ആശുപത്രി എന്നിവിടങ്ങളിലേക്ക് ഫർണീച്ചർ വാങ്ങൽ പ്രോജക്ടിൽ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബില്ലിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.<br>പ്രോജക്ടിന്റ പേര് | ബിൽ നം.<br>തീയതി | തുക | ബില്ലിലെ വിവരം | സ്റ്റോക്ക് രജിസ്റ്ററിലെ വിവരം |
|---|---|---|---|---|
| 13/19<br>സിദ്ധ ആശുപത്രി ആയുർവേദ ആശുപത്രി എന്നിവിടങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | 7/26.03.19 | 54452 | സിഡ്കോയുടെ ഇൻവോയിസ് നംALPY/18-19/233 തീയതി.21.01.19 പ്രകാരം<br>Steel Cabinet with locker -3 nos (വില-29748+GST)<br>Steel table- 3 nos (വില-16398+GST18%) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം<br>Steel Cabinet-2 nos<br>Steel table-2 nos |

സ്റ്റോക്കിലെടുക്കാത്ത ഒരു സ്റ്റീൽ അലമാരയും ഒരു സ്റ്റീൽ മേശയും വാങ്ങിയതിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (അലമാരയുടെ വില -9916/- രൂപ, മേശയുടെ വില -5466/- രൂപ) GST ഉൾപ്പടെ ആകെ 18151 രൂപ) കൃത്യമായ സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 നെൽവിത്ത് സബ്സിഡി-ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ-S0019/19

അടങ്കൽ- 8,00,000/-

നിർവ്വഹണം-കൃഷി ഓഫീസർ

കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും നെൽവിത്ത് വാങ്ങി, ഈ നെൽവിത്ത് കർഷകർക്ക് പാടശേഖര സമിതി സെക്രട്ടറി മുഖേന വിതരണം നടത്തുന്ന എന്നതായിരുന്നു അംഗീകൃത പ്രോജക്ട്. അതുപ്രകാരം നെൽവിത്ത് വാങ്ങുന്നതിനായി 800000/- രൂപ കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് നൽകിയിട്ടുണ്ട് (ബിൽ നം. 2 തീയതി -22.01.2019). പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ പാടശേഖരസമിതികൾക്ക് നെൽവിത്ത് വിതരണം ചെയ്തതിന്റെ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഉള്ളത്. പാടശേഖരസമിതികൾ കൈപ്പറ്റിയ നെൽവിത്ത് സ്ഥലവിസ്തൃതിക്ക് ആനുപാതികമായി കർഷകർക്ക് നൽകിയതിന്റെ വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി പ്രസ്തുത തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കറുവത്തടം,വരമ്പിനകം കിഴക്ക്, മാരങ്കരി പടിഞ്ഞാറ്, മാരങ്കരി കിഴക്ക് എന്നീ പാടശേഖര സമിതികൾ നെൽവിത്ത് കൈപ്പറ്റിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.(നം. 8/02.03.2020) മതിയായ രേഖകളുടെ അഭാവത്തിൽ പ്രോജക്റ്റിനായി ചെലവഴിച്ച 800000/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നെൽവിത്തിന്റെ വിതരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-28 സബ്സ്ഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിനായി ചെലവ്

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം-എസ്0083/19

അടങ്കൽ -2,00,000 (എസ്.സി.പി)

ചെലവ് -87998 (ബിൽ നം. 21 തീയതി.20.03.2019)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് ചാരുകസേര വാങ്ങി നൽകുന്നതായിരുന്ന പ്രോജക്ട്. സബ്സിഡി- മാർഗ്ഗരേഖയിൽ (സ.ഉ (കൈ) നം.22/2018/തസ്വഭവ. തീയതി. 14.02.18) ഇപ്രകാരം ഒരു പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടില്ല. മേൽ പ്രോജക്ടിലേയ്ക്ക് 22 ചാരുകസേരയുടെ വിലയായി മറ്റക്കാട് ഇൻഡസ്ട്രീസ്, പുളിങ്കുന്ന് എന്ന സ്ഥാപനത്തിന് 87,998/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, ടെണ്ടർ ക്ഷണിച്ചതിന്റെ രേഖ, സ്ഥാപനത്തിന്റെ കൈപ്പറ്റ്, ചാരുകസേര സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.(23/05.03.2020)

സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനമായ ചാരുകസേര വാങ്ങിയതിന്റെ ചെലവ് 87998/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-29 വീട് വാസയോഗ്യമാക്കൽ (എസ്.സി)-പ്രോജക്ട് പ്രകാരം അനുവദിച്ച തുകയേക്കാൾ അധികം അനുവദിച്ചു

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം. - S0025/19

അടങ്കൽ -650000 (എസ്.സി.പി)

ചെലവ് -475000

പട്ടികജാതി വിഭാഗത്തിലെ 13 പേർക്ക് വീട് വാസയോഗ്യമാക്കുന്നതിന് 50000/- രൂപ ധനസഹായം നൽകുന്നതായിരുന്ന അംഗീകൃത പ്രോജക്ട്. എന്നാൽ രമ, എട്ടുകെട്ടിൽച്ചിറ, വാർഡ്-13 എന്ന ഗുണഭോക്താവിന് 75000/-രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം /തീയതി |
|---|---|---|
| രമ, എട്ടുകെട്ടിൽച്ചിറ | 25000 | 9/29.11.18 |
| | 25000 | 25/23.03.19 |
| | 25000 | 27/28.03.19 |

അധികം നൽകിയ 25000/- രൂപ തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. തുക തിരികെ ഈടാക്കുന്നതാണെന്ന് വി.ഇ.ഒ. എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

### 1-30 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് ടെണ്ടർ നൽകി-നഷ്ടം-18962/-രൂപ

<u>അനുബന്ധ വിവരങ്ങൾ</u>

ആകെ മൂല്യം - 395884/-

എം ബുക്ക് നം. 2/18-19

അടങ്കൽ - 400000/-

ചെലവ് വിവരം - 336066/- ബിൽ നം.11/18-19, 31/01/19.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ 4-ാം ഡിയുപിഎസ്സ് മുതൽ ഹോമിയോ ആശുപത്രി വരെ പുറംബണ്ട് നിർമ്മാണം (പ്രോജക്ട് നം.എസ്സ്.046/19) എന്ന പ്രവർത്തിയിൽ ക്വാറിമക്ക് ഫില്ലിംഗ്, 0.12എംഎം കനത്തിൽ 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെ രണ്ടിനം പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും, പ്രവർത്തി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 4 ടെണ്ടറുകൾ ലഭിച്ചതായി കണ്ടു.

| ക്രമ നം. | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1. | സിജു.വി, പുത്തൻചിറ | 15.11% കുറഞ്ഞ നിരക്ക് |
| 2. | ജോസഫ് കുട്ടി ജോസഫ്, ഉരുത്തേൽ | 13% കുറഞ്ഞ നിരക്ക് |
| 3. | കെ.ഷാജി, കിഴക്കേടം | 19.9% കുറഞ്ഞ നിരക്ക് |
| 4. | തോമസ് രാജു, നെടുവോപ്പിൽ | 18.3% കുറഞ്ഞ നിരക്ക് |

ഇവരിൽ നിന്നും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.ഷാജിയെ ഒഴിവാക്കി, ഏറ്റവും കുറഞ്ഞ മൂന്നാമത്തെ നിരക്ക് ക്വോട്ട് ചെയ്ത സിജു.വി.ക്ക് കരാർ നൽകി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10 ഉപചട്ടം 12 പ്രകാരം ഏതൊരു പൊതുമരാമത്ത് പണിക്കും 14-ാം ഉപചട്ടത്തിന് വിധേയമായി ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള ടെണ്ടർ ആണ് സ്വീകരിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപ്രകാരം ഉള്ള കുറഞ്ഞ ടെണ്ടർ സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുന്ന പക്ഷം, പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിച്ച് അതിനേക്കാൾ തൊട്ടടുത്ത ഉയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാവുന്നതാണ്. ഇതിൽ നിന്നും ഇത്തരം നടപടികൾക്കുശേഷവും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കിയാലും, ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ വേണം തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഈ പ്രവർത്തിയിൽ ഇത്തരം നടപടികളൊന്നും തന്നെ സ്വീകരിക്കാതെ ഏറ്റവും കുറഞ്ഞ മൂന്നാമത്തെ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് കരാർ നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായി.

നൽകിയ തുക

ആകെ മൂല്യം - 395884.00

ടെണ്ടർ ഡിഡക്ഷൻ - 15.11% - 59818.00

കരാറുകാരന് - 336066.00

19.9% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഷാജിയുടെ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക -

ആകെ മൂല്യം - 395884.00

ടെണ്ടർ ഡിഡക്ഷൻ - 19.90% - 78780.00

കരാറുകാരന് - 317104.00

അധികം നൽകിയത് - 336066 – 317104 = 18962/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/03-03-2020) ലഭിച്ച മറുപടിയിൽ ഓവർസിയർ ടാബുലേഷൻ ചാർട്ട് എഴുതിയപ്പോൾ, കെ.ഷാജി എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 19.9% എന്നത് തെറ്റായി 12.9% എന്ന് രേഖപ്പെടുത്തുകയുണ്ടായത് മൂലമാണ് ഈ അബദ്ധം സംഭവിച്ചതെന്നും, മനപൂർവ്വമല്ലാത്ത ഈ പിഴവ് മൂലം ഉണ്ടായ നഷ്ടം ഒഴിവാക്കിതരണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി, അധികചെലവിനെ സാധൂകരിക്കാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച 18962/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-31 ടാർ വീപ്പയുടെ വില ഈടാക്കിയില്ല- നഷ്ടം - 10250/-

2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം. | തുക(1 ബാരലിന് 250/- രൂപ പ്രകാരം. | കുറവ് |
|---|---|---|---|
| വാർഡ് 2-ൽ പാട്ടപ്പറമ്പ് മുതൽ അമ്പിളി സദനം വരെ ടാറിംഗ്.<br>പ്രൊജക്ട് നം -S0060/18-19<br>കരാറുകാരൻ - സിജു.വി,പുത്തൻചിറ (6.7% കുറഞ്ഞ നിരക്ക്)<br>ബിൽ നം, തീയതി, തുക – 44/18-19, 30-03-19, 262748/- (Q-ലിസ്റ്റിൽ തൻവർഷം ഉൾപ്പെട്ടത്)<br>M book – 26/18-19,1/19-20 | VG-30-1488.18kg.- 10<br>RS1-142.07kg. - 01<br>SS1- 76.50kg. - 01<br>12 | 3000 | 3000 |
| വാർഡ് 6-ൽ കാണിക്ക മണ്ഡപം മുതൽ കരുവേലിപ്പാലം വരെ റീ-ടാറിംഗ്.<br>പ്രൊജക്ട് നം -SO121/18-19<br>കരാറുകാരൻ - കെ.ഷാജി, കിഴക്കേടം. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക – 28/18-19, 26-03-19, 99390/-<br>M book – 17/18-19 | VG-30-690.41.kg.- 05<br>RS1-67.50kg. - 01<br>06 | 1500 | 1500 |
| വാർഡ് -10ൽ കുരിശുംമൂട് മുതൽ പുരയ്ക്കൽ വരെ റോഡ് ടാറിംഗ് -<br>പ്രൊജക്ട് നം -SO053/18-19<br>കരാറുകാരൻ - സിജു.വി (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക-17/18-19, 11-03-19, 393058/-<br>ആകെമൂല്യം - 393058/-<br>M book – 09/18-19<br>M book – 26/18-19,1/19-20 | VG-30-2251.62.kg.- 14<br>RS1-221.37kg. - 02<br>16 | 4000 | 4000 |
| വാർഡ് -13ൽ അച്ഛന്റെ ചിറ മുതൽ വാഴയിൽ മുട്ട് പള്ളിച്ചിറ വരെ റോഡ് മെയിന്റനൻസ് -<br>പ്രൊജക്ട് നം -S0047/18-19<br>കരാറുകാരൻ - സന്തോഷ് കെ.അട്ടിയിൽ. (എസ്റ്റിമേറ്റ് നിരക്ക്) | VG-30-611.90kg.- 04<br>RS1-79.75kg. - 01<br>SS1- 246.50kg. - 02<br>07 | 1750 | 1750 |

| | | | |
|---|---|---|---|
| ബിൽ നം, തീയതി, തുക -45/18-19, 30-03-19, 159595/-<br>ആകെമൂല്യം - 298090/-<br>M book – 09/18-19<br>M book – 26/18-19,1/19-20 | | | |
| | | ആകെ | 10250 |

ഇപ്രകാരം തുക കുറവായി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/04-03-2020) ലഭിച്ച മറുപടിയിൽ വീപ്പയുടെ വില അബദ്ധത്തിൽ ഈടാക്കുവാൻ വിട്ടുപോയതാണെന്നും, കരാറുകാരെ വിവരം അറിയിച്ചിട്ടുണ്ടെന്നും, കരാറുകാർ തുക ഒടുക്കുന്ന മുറയ്ക്ക് രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 10250/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നു. തുക തിരികെ ഒടുക്കേണ്ടതാണ്.

### 1-32 ഗുണഭോക്തൃ സമിതി പ്രവർത്തികൾക്ക് വാറ്റും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് മൂലം നഷ്ടം - 11157/-

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും വാറ്റിനത്തിലുള്ള 5% ഉം ഓവർഹെഡ് ചാർജ്ജിനത്തിൽ 2.5%ഉം (ആകെ 7.5%) കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം അധിക തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 10 % ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 7.5% കിഴിവ് വരുത്തിയതിനു ശേഷം അനുവദനീയമായ തുക | നൽകിയ തുക | അധികം ചെലവഴിച്ച തുക | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | വാർഡ് 5 ൽ കണ്ണോത്ത് പാലം മുതൽ വേളാങ്കരിച്ചിറ വരെ പുറം ബണ്ട് നിർമ്മാണം. പ്രൊജക്ട് നം. - S0078/19<br>കൺവീനർ - കുര്യാക്കോസ് ജോസഫ്.<br>എം. ബുക്ക് - 30/16-17 | 472671 | 440443<br>(472671 x102.5)<br>110 | 449037<br>(5% കുറവിന് ശേഷം) | 8594 | 404038/- ബിൽ നം 3/18-19 തീയതി.30-05-2018. |
| 2. | വാർഡ് 1 ൽ വാഴയിൽ കലുങ്കു മുതൽ വാഴേച്ചിറ | 37593 | 35030 | 37593 | 2563 | 1)30000/-ബിൽ നം.22/18-19,തീയതി- |

| | | | | | | |
|---|---|---|---|---|---|---|
| | വരെ വഴി. -S0110/19<br>കൺവീനർ -<br>സി.കെ.പുരുഷൻ. എം. ബുക്ക് - 32/17-18.<br>പ്രവൃത്തി മൂല്യം - 37593/- | | (37593 x102.5)<br>110 | | | 25/02/2019.<br>2)7593/- ചെക്ക് നം.3015831/25-02-19. |
| | ആകെ | | | | 11157 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10/03-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-33 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചു നൽകി - നഷ്ടം- 8673/-

12-ാം വാർഡിൽ മാവേലി സ്റ്റോർ മുതൽ തട്ടാരുപറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 99905/-രൂപയായിരുന്നു. നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ, താഴെ ചേർക്കുന്ന രണ്ട് ടെണ്ടറുകളായിരുന്നു ലഭിച്ചത്.

| കരാറുകാരന്റെ പേര് | പ്രൈസ്ഷെഡ്യൂൾ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക് | പ്രൈസ്ഷെഡ്യൂളിൽ ക്വോട്ട് ചെയ്തിരുന്ന ആകെ തുക |
|---|---|---|
| ജോസഫ് കുട്ടി ജോസഫ്. | 1.3% കുറഞ്ഞ നിരക്ക് | രേഖപ്പെടുത്തിയിട്ടില്ല. |
| സന്തോഷ്.എ.ജി. | 10.% കുറഞ്ഞ നിരക്ക് | 90000/- Ninty Thousand only എന്ന് അക്ഷരത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. |

എന്നാൽ ശ്രീ.സന്തോഷ്.എ.ജി. എന്ന കരാറുകാരന്റെ ടെണ്ടർഫോമിലുള്ള ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരുന്ന 10.% കുറഞ്ഞ നിരക്ക് എന്നതിലെ “10” എന്നത് 1 ന് ശേഷം ഒരു ദശാംശം രേഖപ്പെടുത്തി “1.0”എന്ന് തിരുത്തിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ തിരുത്തൽ വരുത്തിയതായി തോന്നാത്ത രീതിയിലാണ് ഇപ്രകാരം മാറ്റം വരുത്തിയിട്ടുള്ളതെങ്കിലും അക്ഷരത്തിലും, അക്കത്തിലും രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ മാറ്റം വരുത്തിയിട്ടില്ല. മേൽ രീതിയിൽ മാറ്റം വരുത്തിയതിന് ശേഷം ശ്രീ.സന്തോഷ്.എ.ജി. എന്ന കരാറുകാരന്റെ ടെണ്ടർ നിരസിച്ച് 1.3% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജോസഫ് കുട്ടി ജോസഫ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് തുക നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായി.

ആകെ പ്രവർത്തി മൂല്യം = 99697.00

1.3% കുറവ് ചെയ്തതിന് ശേഷം ജോസഫ് കുട്ടി ജോസഫിന് നൽകിയത് = 98401.00

ശ്രീ.സന്തോഷ്.എ.ജി. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക

ആകെ പ്രവർത്തി മൂല്യം = 99697.00

(-)10% = 9969.00

അനുവദനീയമായത് = 99697 - 9969 = 89728.00

അധികം നൽകിയത് = 98401- 89728 = 8673/-

ബിൽ നം.23/18-19, തീയതി- 19-03-2019

അപാകതയ്ക്ക് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (01/28-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-34 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി – പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം. – S0016/19

നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ -600000 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് – 250000/-

സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം.22/2018 /തസ്വഭവ, തീയതി14.02.18) 7.2.17 നിബന്ധന പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. എന്നാൽ വെളിയനാട് ഗ്രാമ പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയ ഈ പ്രോജക്ടിൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വീതമാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. മുൻകൂർ 50,000/- രൂപ കൈപ്പറ്റിയ സുരേഷ്, 12ൽചിറ, ശാന്തകുമാരി, ശ്രീകൃഷ്ണവിലാസം -എന്നീ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് സ്റ്റേജ് സർട്ടിഫിക്കറ്റോ കമ്മറ്റി തീരുമാനമോ ഇല്ലാതെ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ അവസാന ഗഡു നൽകിയിട്ടുണ്ട്. പൂർത്തിയാക്കിയ പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും നിർമ്മിച്ച പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തുകയോ പ്രവൃത്തി മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. ലഭ്യമാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങളിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ നിർമ്മാണത്തിന് ചെലവായ തുകയുടെ വിവരം മാത്രമാണ് ചേർത്തിരിക്കുന്നത്.വിശദ വിവരം ചുവടെചേർക്കുന്നു.

| പ്രോജക്ട് നം./ അടങ്കൽ | ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|---|
| S0016/19<br>600000 | ഉണ്ണിക്കുട്ടൻ പി.എസ്<br>S/O സുരേഷ്,12ൽചിറ | 50000/- | 19/20.03.19 | മൂല്യനിർണ്ണയ സാക്ഷ്യ പത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| | | 50000/- | 26/28.03.19 | |
| | രാജലക്ഷ്മി സന്തോഷ്<br>D/O ശാന്തകുമാരി | 50000/- | 24/23.03.19 | |
| | | 50000/- | 26/28.03.19 | |
| | ഷാന്റു ഷാജി<br>D/O സോമോൾ സി.റ്റി. | 50000/- | 24/23.03.19 | അഡ്വാൻസ് കൈപ്പറ്റിയെങ്കിലും നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| S0082/19<br>100000 (സ്പിൽ ഓവർ പ്രോജക്ട്) | സാന്ദ്ര സന്തോഷ്<br>D/O സന്തോഷ് 2ൽചിറ | 50000/- | 3/27.06.18 | മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| | സരുൺ ഷാജി<br>S/Oമിനിഷാജി | 50000/- | 3/27.06.18 | |

സബ്സിഡി മാർഗ്ഗരേഖയിൽ 200000 ലക്ഷം രൂപ ഒരു ഗുണഭോക്താവിന് നൽകാം എന്നിരിക്കെ അതിന്റെ പകുതി തുക മാത്രം ഉൾപ്പെടുത്തി പദ്ധതി നിർവ്വഹിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. മതിയായ തുകയുടെ അഭാവം ഗുണഭോക്താക്കളെ ആനുകൂല്യം കൈപ്പറ്റുന്നതിൽ നിന്നുംപിൻതിരിപ്പിക്കുകയും അതിലൂടെ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുകയും ചെയ്യുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല(23/05.03.2020). സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അഡ്വാൻസ് കൈപ്പറ്റിയ ഷാന്റു ഷാജി D/Oസോമോൾ. സി.റ്റി. യുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-35 മുൻ വർഷം നടത്തിയ ഡെപ്പോസിറ്റ് പദ്ധതികളുടെ പൂർത്തീകരണ വിവരം തൻവർഷവും ലഭ്യമല്ല –

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തടസ്സപ്പെടുത്തിയിരുന്നു.

1. കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തികൾ (ഖണ്ഡിക 3-7)

| ക്രമ നം. | പ്രവൃത്തി | ഡെപ്പോസിറ്റ് | ബിൽ നം. |
|---|---|---|---|
| 1. | ചെറുകാപ്പ് എസ്.സി. കോളനിയിൽ സ്ട്രീറ്റ് മെയിന്റനൻസ് പ്രൊജക്ട് നം. S0033/18 | 2,66800/ | 14/17-18, 18.01.18 |
| 2. | ഗുരുപുരം മുതൽ കുമ്മങ്കരിയിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രൊജക്ട് നം. S0035/18 | 498693/- | 22/17-18, 26.02.18 |
| 3. | നെടുംപറമ്പ് പാലത്തിന് സമീപം വഴിയിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ – പ്രൊജക്ട് നം. S0055/18 | 10249/- | 21/17-18, 25.02.18 |
| | ആകെ | 775742/- | |

2. പഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി സെർവർ കംപ്യൂട്ടർ വാങ്ങൽ- (ഖണ്ഡിക 3-1)

പഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി സെർവർ കംപ്യൂട്ടർ വാങ്ങുന്നതിനായി 1,73,000/- (ബിൽ നം. 19/17-18 /17.02.18) സെക്രട്ടറി നിർവ്വഹണദ്യോഗസ്ഥയായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ സെർവർ ഓപ്പറേറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ വാങ്ങാത്തതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും 2019-20 പദ്ധതിയിലുൾപ്പെടുത്തി ഒ.എസ് വാങ്ങി സെർവ്വർ പ്രവർത്തനക്ഷമമാക്കുന്നതാണെന്നുള്ള മറുപടി ഹാജരാക്കിയിരുന്നു. മറുപടിയിൽ രേഖപ്പെടുത്തിയിരുന്നതു പോലെ 2019-20 ൽ ഒ.എസ് വാങ്ങി സെർവ്വർ പ്രവർത്തനക്ഷമമാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും വാങ്ങൽ നടപടികൾ ആരംഭിച്ചിട്ടില്ല.

വിവിധ ഏജൻസികൾ മുഖേനയുള്ള ഡെപ്പോസിറ്റ് പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (09/02-03-2020) മറുപടി ലഭ്യമാക്കാത്തതിനാൽ ടി പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമല്ല.

### 1-36 തൊഴിലുറപ്പ് പദ്ധതി -3 കോടിയിലേറെ രൂപ ചെലവഴിച്ച പ്രവർത്തികളുടെ ചെലവ് രേഖകളില്ല-

2018-19 വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി 3 കോടിയിലേറെ രൂപ വിവിധ പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവർത്തികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാനാവശ്യപ്പെട്ട് 29-02-2020ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും, ആകെ നടപ്പാക്കിയ 166 പ്രവർത്തികളിൽ കേവലം 11 ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഓഡിറ്റ് റിക്വിസിഷന് വെളിയനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 02/03/2020ൽ ലഭ്യമാക്കിയ മറുപടിയിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 31-10-2019 ലെ ബിഡിഒയുടെ അറിയിപ്പ് ലഭിച്ച പ്രകാരം ഫയലുകൾ പരിശോധിച്ച വേളയിലാണ് 2018-19 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ഫയലുകൾ ഒന്നും തന്നെ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതെന്നും, തുടർന്ന് ഫയലുകൾ ക്രമീകരിച്ച് നൽകുന്നതിന് അന്ന് ജോലി ചെയ്തിരുന്ന അശ്വതി.കെ.എസ്സ്,രേവതി രാജ്,എന്നിവരെയും,അന്നത്തെ സെക്രട്ടറിയായ ശ്രീമതി.ടെസ്സില, ഡിഡിപി ആലപ്പുഴ, ബിഡിഒ, വെളിയനാട്, ജെപിസി ആലപ്പുഴ എന്നിവരെയും രേഖാമൂലം അറിയിച്ചിരുന്നതായും, എന്നാൽ നാളിതുവരെ, ടി ജീവനക്കാർ ഈ ഓഫീസിൽ എത്തി ഫയലുകൾ കൃത്യമാക്കി നൽകിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ടി വിവരം പഞ്ചായത്ത് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. 22-02-2020ലെ 2(5)-ാം നമ്പർ തീരുമാനം പ്രകാരം ആ കാലയളവിലെ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ അശ്വതി, രേവതി, സംഗീത, സബിത എന്നിവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നുള്ള വിവരവും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയേറെ തുകകൾ ചെലവഴിച്ച പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനാ സാധ്യമായ രീതിയിൽ കൃത്യമായി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ വിവിധ തലങ്ങളിൽ മേൽനോട്ട ചുമതല വഹിക്കേണ്ടുന്ന ഉദ്യോഗസ്ഥരുടെ അലംഭാവവും ഇതിന് കാരണമായിട്ടുണ്ട്.

ലഭ്യമാക്കിയ ഫയലുകളുടെ നിർവ്വഹണ രേഖകൾ സുതാര്യമല്ല –

2018-19 വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന 11 പ്രവർത്തികളുടെ ഫയലുകൾ മാത്രമാണ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. (ഓഡിറ്റ് റിക്വിസിഷൻ - 1/29-02-2020)

| ക്രമ നം. | വാർഡ് നം | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1. | 11 | പ്രകൃതി ദത്ത ജലസ്രോതസ്സുകളുടെ ആഴം കൂട്ടലും,വശങ്ങളിൽ രാമച്ചം/തീറ്റപ്പുൽ വെച്ച് പിടിപ്പിക്കലും. | 160480/ |
| 2. | 2 | സ്വയം സഹായ സംഘങ്ങളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംഘ കൃഷി.-റീച്ച്- 1 | 416294/- |
| 3. | 2 | സ്വയം സഹായ സംഘങ്ങളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംഘ കൃഷി.-റീച്ച്- 1 | 314080/- |
| 4. | 12 | വാച്ചാൽ ആഴംകൂട്ടൽ-റീച്ച്-2 | 82688/- |
| 5. | 3 | തീറ്റപ്പുൽ കൃഷി - റീച്ച്- 1 | 102239/- |
| 6. | 3 | പ്രകൃതി ദത്ത ജലസ്രോതസ്സുകളുടെ ആഴം കൂട്ടലും,വശങ്ങളിൽ രാമച്ചം/തീറ്റപ്പുൽ വെച്ച് പിടിപ്പിക്കലും. | 60162/- |
| 7. | 12 | തീറ്റപ്പുൽ കൃഷി. | 271456/- |
| 8. | 12 | തീറ്റപ്പുൽ കൃഷി. | 292128/- |
| 9. | 12 | വാച്ചാൽ ആഴംകൂട്ടൽ-റീച്ച്-2 | 95200/- |
| 10. | 12 | പ്രകൃതി ദത്ത ജലസ്രോതസ്സുകളുടെ ആഴം കൂട്ടലും,വശങ്ങളിൽ രാമച്ചം/തീറ്റപ്പുൽ വെച്ച് പിടിപ്പിക്കലും. | 103360/- |
| 11. | 7 | പ്രകൃതി ദത്ത ജലസ്രോതസ്സുകളുടെ ആഴം കൂട്ടലും,വശങ്ങളിൽ രാമച്ചം/തീറ്റപ്പുൽ വെച്ച് പിടിപ്പിക്കലും. | 127912/- |
| | | ആകെ | 2025999/- |

ടി ഫയലുകൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. നിർവ്വഹിച്ച പ്രവർത്തികളുടെ വിവരങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഏത് തീയതിയിൽ അളവു രേഖപ്പെടുത്തി, മൂല്യനിർണ്ണയം നടത്തിയ ഉദ്യോഗസ്ഥനാര്? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയ അളവുകളും,തുകയും തൊഴിലുറപ്പ് പദ്ധതിയിലെ ഓവർസിയറോ, എൻജിനീയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തന്മൂലം രേഖപ്പെടുത്തിയ അളവുകൾ ചെയ്ത പ്രവർത്തിയുടെ മൂല്യം, നൽകിയ തുക തുടങ്ങിയവയ്ക്കൊന്നും തന്നെ ആധികാരികതയില്ല.
2. വിവിധ തീയതികളിൽ നിർവ്വഹിച്ചിട്ടുള്ള പ്രവർത്തികളുടെ അറ്റൻഡൻസ്, തുക തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള മസ്റ്റർ റോളുകളുടെ സംക്ഷിപ്തം തയ്യാറാക്കി ആകെ തുക രേഖപ്പെടുത്തിയിട്ടില്ല. തന്മൂലംമസ്റ്റർ റോൾ പ്രകാരമുള്ള തുകയിൽ ലിമിറ്റ് ചെയ്താണോ തുക നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല.
3. അളവുപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് മേൽ പ്രവർത്തികളുടെ തുക പിൻവലിച്ചു നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(24/06-03-2020) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ 2018-19 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും ആ കാലയളവിൽ ഇരുന്ന ഉദ്യോഗസ്ഥർ അളവുകൾ രേഖപ്പെടുത്തുകയോ, മൂല്യ നിർണ്ണയം നടത്തുകയോ, അളവും തുകയും സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്നും നിർവ്വഹണ രേഖകൾ കൃത്യമായി പരിശോധിക്കാതെ തുകകൾ പിൻവലിച്ചതിന്റെ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഈ കാലയളവിൽ ജോലി ചെയ്തിരുന്ന പഞ്ചായത്ത് സെക്രട്ടറിയ്ക്കും NREGS ജീവനക്കാർക്കും കത്ത് നൽകിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ടി പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ വീഴ്ച വ്യക്തമാണ്.

തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലുണ്ടായ ഈ ഗുരുതര വീഴ്ച സർക്കാരിന്റെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-37 കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് -

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. വെളിയനാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 84922/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1%, കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 849/- രൂപ, നഷ്ടം സംഭവിച്ചിട്ടുണ്ട്.കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/05-03-2020) ലഭ്യമാക്കിയ മറുപടിയിൽ, തുടർന്നുള്ള വർക്കുകളിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-38 ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗം - സർക്കാർ നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തീയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. വെളിയനാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ തൻവർഷം ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം 3 ടാറിംഗ് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വാർഡ്-10ൽ കുരിശും മൂട് മുതൽ പുരയ്ക്കൽ വരെ റോഡ് ടാറിംഗ്- പ്രോജക്റ്റ് നം-S0053/18-19- ചെലവ് - 393058/-
2. വാർഡ് 6-ൽ കാണിക്ക മണ്ഡപം മുതൽ കരുവേലിപ്പാലം വരെ റീ-ടാറിംഗ്- പ്രോജക്റ്റ് നം -S0121/18-19 – ചെലവ് - 99390/-
3. വാർഡ് 2-ൽ പാട്ടപ്പറമ്പ് മുതൽ അമ്പിളി സദനം വരെ ടാറിംഗ്- പ്രോജക്റ്റ് നം -S0060/18-19 - 262748/- (Q-ലിസ്റ്റിൽ തൻവർഷം ഉൾപ്പെട്ടത്)

ടി പ്രവർത്തികളിൽ മേൽ സർക്കുലറിൽ സൂചിപ്പിക്കും പ്രകാരം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടോയെന്നത് വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/02-03-2020) മറുപടി ലഭിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം ടാറിംഗ് പ്രവർത്തികൾക്ക് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണ്.

### 1-39 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ-

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 59 പ്രോജക്ടുകളായിരുന്നു നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 33 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത് (56% മാത്രം). ടി മേഖലയിൽ ഏകദേശം പകുതിയിലേറെ തുക ചെലവഴിക്കപ്പെട്ടില്ല. പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ വളരെയേറെ മനുഷ്യാദ്ധ്വാനവും, സമയവും, പണവും ചെലവഴിച്ചാണ് പദ്ധതികൾ നിർവ്വഹണഘട്ടത്തിലെത്തുന്നത്. ആയത് പദ്ധതികാലയളവിനുള്ളിൽ നിർവ്വഹിക്കപ്പെടാതെ പോകുന്നത് മൂലം അതെല്ലാം പാഴായിപ്പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. മാത്രവുമല്ല, ഇതുമൂലം പ്രയോജനം ലഭിക്കേണ്ട വിവിധ പ്രദേശങ്ങളിലെ വളരെയധികം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകാതെയും വരുന്നു. ഈ അവസ്ഥ

ഒഴിവാക്കേണ്ടതാണ്.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രോജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

5. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 10 ഉപചട്ടം 9) പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ അപൂർവ്വമായി മാത്രമെ പാലിച്ചിട്ടുള്ളു.

7. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ) ചട്ടം 10 ഉപചട്ടം 7 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഓരോ ടെണ്ടറിലും, അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിന് നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമ നമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകളുടെ വിവരം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി പഞ്ചായത്തിൽ വിവിധ പ്രവർത്തികളുടെ നിർവ്വഹണത്തിനായി കരാറുകാർ സമർപ്പിച്ചിട്ടുള്ള പല ടെണ്ടറുകളിലും ക്വോട്ട് ചെയ്ത നിരക്കുകളിൽ വ്യാപകമായ തിരുത്തൽ വരുത്തിയതായി കണ്ടു. ടി തിരുത്തലുകളുടെ വിവരങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ ഫോമിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | കരാർ ലഭിച്ച കരാറുകാരൻ. |
|---|---|
| 2-ാം വാർഡിൽ പാട്ടപ്പറമ്പ് മുതൽ അമ്പിളി സദനം വരെ റോഡ് ടാറിംഗ് | സിജു.വി,പുത്തൻചിറ. |
| 12-ാം വാർഡിൽ മാവേലി സ്റ്റോർ മുതൽ തട്ടാരുപറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് | ജോസഫ് കുട്ടി ജോസഫ്. |
| ഡിയുപിഎസ്സ് മുതൽ ഹോമിയോ ആശുപത്രി വരെ റോഡ് കോൺക്രീറ്റിംഗ്. | സിജു.വി,പുത്തൻചിറ. |

9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2015 വരെയുള്ള വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉള്ളത്. ആയതു തന്നെ ഓരോ ഇനങ്ങൾക്കും പ്രത്യേകം, പ്രത്യേകമായി രജിസ്റ്റർ സൂക്ഷിച്ചിരിക്കുകയാണ്.

10. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/ 04-03-2020) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിംഗും, റീ-ടെണ്ടറിംഗും നടത്തിയിട്ടും പ്രവർത്തി ഏറ്റെടുക്കുവാൻ ആരും തന്നെ വരാത്ത സാഹചര്യമാണെന്നും,ഭരണസമിതി തലത്തിലും, ഉദ്യോഗസ്ഥ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടും ലഭിക്കുന്ന ടെണ്ടറുകൾ എല്ലാം തന്നെ ഈ രീതിയിലുള്ളതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രളയം മൂലമാണ് പല പദ്ധതികളും തൻവർഷം പൂർത്തീകരിക്കാനാവാതെ വന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഇനിയുള്ള പ്രവർത്തികളിൽ പൂർത്തീകരണപത്രവും, മോണിട്ടറിംഗ് റിപ്പോർട്ടും സൂക്ഷിച്ചുകൊള്ളാമെന്നും മറ്റ് അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും, ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാസമയം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വീട് വാസയോഗ്യമാക്കൽ (എസ്.സി)-പ്രോജക്ട് പ്രകാരം അനുവദിച്ച തുകയേക്കാൾ അധികം അനുവദിച്ചു

നിർവ്വഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം. - S0025/19

അടങ്കൽ -650000 (എസ്.സി.പി)

ചെലവ് -475000

പട്ടികജാതി വിഭാഗത്തിലെ 13 പേർക്ക് വീട് വാസയോഗ്യമാക്കുന്നതിന് 50000/- രൂപ ധനസഹായം നൽകുന്നതായിരുന്നു അംഗീകൃത പ്രോജക്ട്. എന്നാൽ രമ, എട്ടുകെട്ടിൽച്ചിറ, വാർഡ്-13 എന്ന ഗുണഭോക്താവിന് 75000/-രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം /തീയതി |
|---|---|---|
| രമ,എട്ടുകെട്ടിൽച്ചിറ | 25000 | 9/29.11.18 |
| | 25000 | 25/23.03.19 |
| | 25000 | 27/28.03.19 |

അധികം നൽകിയ 25000/- രൂപ തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. തുക തിരികെ ഈടാക്കുന്നതാണെന്ന് വി.ഇ.ഒ. എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

## 3-2 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് ടെണ്ടർ നൽകി-നഷ്ടം- 18962/-രൂപ

അനുബന്ധ വിവരങ്ങൾ

ആകെ മൂല്യം - 395884/-

എം ബുക്ക് നം. 2/18-19

അടങ്കൽ - 400000/-

ചെലവ് വിവരം - 336066/-ബിൽ നം.11/18-19, 31/01/19.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ 4-ാം ഡിയുപിഎസ്സ് മുതൽ ഹോമിയോ ആശുപത്രി വരെ പുറംബണ്ട് നിർമ്മാണം (പ്രോജക്ട് നം. S0046/19) എന്ന പ്രവർത്തിയിൽ ക്വാറിമക്ക് ഫില്ലിംഗ്, 0.12എംഎം കനത്തിൽ 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെ രണ്ടിനം പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും, പ്രവർത്തി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 4 ടെണ്ടറുകൾ ലഭിച്ചതായി കണ്ടു.

| ക്രമ നം. | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1. | സിജു.വി, പുത്തൻചിറ | 15.11% കുറഞ്ഞ നിരക്ക്. |
| 2. | ജോസഫ് കുട്ടി ജോസഫ്, തുരുത്തേൽ | 13% കുറഞ്ഞ നിരക്ക്. |
| 3. | കെ.ഷാജി, കിഴക്കേടം | 19.9% കുറഞ്ഞ നിരക്ക്. |
| 4. | തോമസ് രാജു, നെടുവോപ്പിൽ | 18.3% കുറഞ്ഞ നിരക്ക്. |

ഇവരിൽ നിന്നും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.ഷാജിയെ ഒഴിവാക്കി, ഏറ്റവും കുറഞ്ഞ മൂന്നാമത്തെ നിരക്ക് ക്വോട്ട് ചെയ്ത സിജു.വി.ക്ക് കരാർ നൽകി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 12 പ്രകാരം ഏതൊരു പൊതുമരാമത്ത് പണിക്കും 14-ാം ഉപചട്ടത്തിന് വിധേയമായി ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള ടെണ്ടർ ആണ് സ്വീകരിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപ്രകാരം ഉള്ള കുറഞ്ഞ ടെണ്ടർ സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുന്ന പക്ഷം, പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിച്ച് അതിനേക്കാൾ തൊട്ടടുത്ത ഉയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാവുന്നതാണ്. ഇതിൽ നിന്നും ഇത്തരം നടപടികൾക്കുശേഷവും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കിയാലും, ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ വേണം തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഈ പ്രവർത്തിയിൽ ഇത്തരം നടപടികളൊന്നും തന്നെ സ്വീകരിക്കാതെ ഏറ്റവും കുറഞ്ഞ മൂന്നാമത്തെ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് കരാർ നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായി.

നൽകിയ തുക

ആകെ മൂല്യം - 395884.00

ടെണ്ടർ ഡിഡക്ഷൻ - 15.11% - 59818.00

കരാറുകാരന് - 336066.00

19.9% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഷാജിയുടെ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക -

ആകെ മൂല്യം - 395884.00

ടെണ്ടർ ഡിഡക്ഷൻ - 19.90% - 78780.00

കരാറുകാരന് - 317104.00

അധികം നൽകിയത് - 336066 – 317104 = 18962/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/03-03-2020) ലഭിച്ച മറുപടിയിൽ ഓവർസിയർ ടാബുലേഷൻ ചാർട്ട് എഴുതിയപ്പോൾ, കെ.ഷാജി എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 19.9% എന്നത് തെറ്റായി 12.9% എന്ന് രേഖപ്പെടുത്തുകയുണ്ടായത് മൂലമാണ് ഈ അബദ്ധം സംഭവിച്ചതെന്നും, മനപൂർവ്വമല്ലാത്ത ഈ പിഴവ് മൂലം ഉണ്ടായ നഷ്ടം ഒഴിവാക്കിതരണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി, അധികചെലവിനെ സാധൂകരിക്കാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച 18962/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 ടാർ വീപ്പയുടെ വില ഈടാക്കിയില്ല- നഷ്ടം - 10250/-

2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ. | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം. | തുക(1 ബാരലിന് 250/- രൂപ പ്രകാരം. | കുറവ് |
|---|---|---|---|
| വാർഡ് 2-ൽ പാട്ടപ്പറമ്പ് മുതൽ അമ്പിളി സദനം വരെ ടാറിംഗ്.<br>പ്രോജക്റ്റ് നം -SO060/18-19<br>കരാറുകാരൻ - സിജു.വി,പുത്തൻചിറ (6.7% കുറഞ്ഞ നിരക്ക്)<br>ബിൽ നം, തീയതി, തുക – 44/18-19, 30-03-19, 262748/- (Q-ലിസ്റ്റിൽ തൻവർഷം ഉൾപ്പെട്ടത്)<br>M book – 26/18-19,1/19-20 | VG-30-1488.18kg.- 10<br>RS1-142.07kg. - 01<br>SS1- 76.50kg. - 01<br>12 | 3000 | 3000 |
| വാർഡ് 6-ൽ കാണിക്ക മണ്ഡപം മുതൽ കരുവേലിപ്പാലം വരെ റീ-ടാറിംഗ്.<br>പ്രോജക്റ്റ് നം -SO121/18-19<br>കരാറുകാരൻ - കെ.ഷാജി,കിഴക്കേടം. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക – 28/18-19, 26-03-19, 99390/-<br>M book – 17/18-19 | VG-30-690.41.kg.- 05<br>RS1-67.50kg. - 01<br>06 | 1500 | 1500 |
| വാർഡ് -10ൽ കുരിശും മൂട് മുതൽ പുരയ്ക്കൽ വരെ റോഡ് ടാറിംഗ് - | VG-30-2251.62.kg.- 14<br>RS1-221.37kg. - 02 | 4000 | 4000 |

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം -SO053/18-19<br>കരാറുകാരൻ - സിജു.വി (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക -17/18-19, 11-03-19, 393058/-<br>ആകെമൂല്യം - 393058/-<br>M book – 09/18-19<br>M book – 26/18-19,1/19-20 | 16 | | |
| വാർഡ് -13ൽ അച്ഛന്റെ ചിറ മുതൽ വാഴയിൽ മുട്ട് പള്ളിച്ചിറ വരെ റോഡ് മെയിന്റനൻസ് -<br>പ്രോജക്റ്റ് നം -SO047/18-19<br>കരാറുകാരൻ - സന്തോഷ് കെ.അട്ടിയിൽ. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക -45/18-19, 30-03-19, 159595/-<br>ആകെമൂല്യം - 298090/-<br>M book – 09/18-19<br>M book – 26/18-19,1/19-20 | VG-30-611.90kg.- 04<br>RS1-79.75kg. - 01<br>SS1- 246.50kg. - 02<br>07 | 1750 | 1750 |
| | | ആകെ | 10250 |

ഇപ്രകാരം തുക കുറവായി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/04-03-2020) ലഭിച്ച മറുപടിയിൽ വീപ്പയുടെ വില അബദ്ധത്തിൽ ഈടാക്കുവാൻ വിട്ടുപോയതാണെന്നും, കരാറുകാരെ വിവരം അറിയിച്ചിട്ടുണ്ടെന്നും, കരാറുകാർ തുക ഒടുക്കുന്ന മുറയ്ക്ക് രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി ആയതിനാൽ ടിയിനത്തിൽ അധികം ചെലവഴിച്ച 10250/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഈടാക്കി രസീത് ഹാജരാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-4 ഗുണഭോക്തൃ സമിതി പ്രവർത്തികൾക്ക് വാറ്റും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് മൂലം നഷ്ടം - 11157/-

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവ്യത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവ്യത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവ്യത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും വാറ്റിനത്തിലുള്ള 5% ഉം ഓവർഹെഡ് ചാർജ്ജിനത്തിൽ 2.5%ഉം (ആകെ 7.5%) കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം അധിക തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 10 % | 7.5% കിഴിവ് | നൽകിയ | അധികം | ചെലവ് വിവരം |
|---|---|---|---|---|---|---|

| നം. | | ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | വരുത്തിയതിനു ശേഷം അനുവദനീയമായ തുക | തുക. | ചെലവഴിച്ച തുക | |
|---|---|---|---|---|---|---|
| 1 | വാർഡ് 5 ൽ കണ്ണോത്ത് പാലം മുതൽ വേളാങ്കരിച്ചിറ വരെ പുറം ബണ്ട് നിർമ്മാണം. പ്രൊജക്ട് നം. - S0078/19<br>കൺവീനർ - കുര്യാക്കോസ് ജോസഫ്.<br>എം. ബുക്ക് - 30/16-17 | 472671 | 440443<br>(472671 x102.5)<br>110 | 449037<br>(5% കുറവിന് ശേഷം) | 8594 | 404038/-ബിൽ നം 3/18-19 തീ.30-05-2018. |
| 2. | വാർഡ് 1 ൽ വാഴയിൽ കലുങ്കു മുതൽ വാഴേച്ചിറ വരെ വഴി. -S0110/19<br>കൺവീനർ - സി.കെ.പുരുഷൻ. എം. ബുക്ക് - 32/17-18.<br>പ്രവൃത്തി മൂല്യം - 37593/- | 37593 | 35030<br>(37593 x102.5)<br>110 | 37593 | 2563 | 1)30000/-ബിൽ നം.22/18-19,തീയതി-25/02/2019.<br>2)7593/- ചെക്ക് നം.3015831/25-02-19. |
| | ആകെ | | | | 11157 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/03-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചു നൽകി - നഷ്ടം-8673/-

12-ാം വാർഡിൽ മാവേലി സ്റ്റോർ മുതൽ തട്ടാരുപറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 99905/-രൂപയായിരുന്നു. നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ, താഴെ ചേർക്കുന്ന രണ്ട് ടെണ്ടറുകളായിരുന്നു ലഭിച്ചത്.

| **കരാറുകാരന്റെ പേര്** | **പ്രൈസ്ഷെഡ്യൂൾ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക്** | **പ്രൈസ്ഷെഡ്യൂളിൽ ക്വോട്ട് ചെയ്തിരുന്ന ആകെ തുക** |
|---|---|---|
| ജോസഫ് കുട്ടി ജോസഫ്. | 1.3% കുറഞ്ഞ നിരക്ക്. | രേഖപ്പെടുത്തിയിട്ടില്ല. |
| സന്തോഷ്.എ.ജി. | 10.% കുറഞ്ഞ നിരക്ക്. | 90000/- Ninty Thousand only എന്ന് അക്ഷരത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. |

എന്നാൽ ശ്രീ.സന്തോഷ്.എ.ജി. എന്ന കരാറുകാരന്റെ ടെണ്ടർഫോമിലുള്ള ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരുന്ന 10.% കുറഞ്ഞ നിരക്ക് എന്നതിലെ "10" എന്നത് 1 ന് ശേഷം ഒരു ദശാംശം രേഖപ്പെടുത്തി "1.0" എന്ന് തിരുത്തിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ തിരുത്തൽ വരുത്തിയതായി തോന്നാത്ത രീതിയിലാണ് ഇപ്രകാരം മാറ്റം വരുത്തിയിട്ടുള്ളതെങ്കിലും അക്ഷരത്തിലും, അക്കത്തിലും രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ മാറ്റം വരുത്തിയിട്ടില്ല. മേൽ രീതിയിൽ മാറ്റം വരുത്തിയതിന് ശേഷം ശ്രീ.സന്തോഷ്.എ.ജി. എന്ന കരാറുകാരന്റെ ടെണ്ടർ

നിരസിച്ച് 1.3% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജോസഫ് കുട്ടി ജോസഫ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് തുക നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായി.

ആകെ പ്രവർത്തി മൂല്യം = 99697.00

1.3% കുറവ് ചെയ്തതിന് ശേഷം ജോസഫ് കുട്ടി ജോസഫിന് നൽകിയത് = 98401.00

ശ്രീ.സന്തോഷ്.എ.ജി.എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക

ആകെ പ്രവർത്തി മൂല്യം = 99697.00

(-)10% = 9969.00

അനുവദനീയമായത് = 99697 - 9969 = 89728.00

അധികം നൽകിയത് = 98401- 89728 = 8673/-

ബിൽ നം.23/18-19, തീയതി- 19-03-2019

അപാകതയ്ക്ക് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(01/28-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ലൈഫ് ഭവന പദ്ധതി | 580000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | തോട് ആഴം കൂട്ടൽ | 73146 | 526854 |
| ബ്ലോക്ക് പഞ്ചായത്ത് | 60000 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 97000 | പഠനമുറി (എസ്.ടി) | 97000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 561928 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 560000 | 1928 |
| ജില്ലാ പഞ്ചായത്ത് | 60000 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 60000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |

#### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്നേഹദീപം പത്തിൽ പാലം | 200000 | 200000 | 0 |
| കെ.എസ്.ഇ.ബി | കരിമത്ത് ശേരി-കണിയാംപറമ്പ് പോസ്റ്റ് മാറ്റൽ | 50000 | 48749 | 1251 |
| വാട്ടർ അതോറിറ്റി | കറുകയിൽ-കൈതക്കളം പൈപ്പ് ലൈൻ വലിക്കൽ | 300000 | 300000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

**4-4** വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | | 7044110 | | | | 7044110 |
| | | 7044110 | | | | 7044110 |

**4-5** സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

**4-6** ഓഡിറ്റ് റിക്കവറി

--ഇല്ല--

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1997-98 | 32, 57, 58 | 2001-02<br>2002-03 | 1. വ്യാജ രേഖ ചമച്ച് മരാമത്ത് പണികൾ ചെയ്തു<br>2. എസ്. സി. കുടുംബങ്ങൾക്ക് സി.എഫ്.എൽ. |
| 1999-2000 | 21-26 | 2003-04 | 1. മരാമത്ത് പണികൾ- രേഖ ഹാജരാക്കിയില്ല.<br>2. കമ്പ്യൂട്ടർ പഠനം രേഖ ഹാജരാക്കിയില്ല. |
| 2000-01 | 2-8 | 2005-06<br>(ഖണ്ഡിക നം. 2-21-8 | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു. |

**4-8** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37708868.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37784361 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74042 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2074299 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| 3-1 | - | 25000 | ശ്രീ.ബിജു.എം.ബി, വിഇഒ. |
| 3-2 | - | 18962 | ശ്രീമതി.അജിത അനീഷ്, അസിസ്റ്റന്റ് എൻജിനീയർ. |
| 3-3 | - | 10250 | ശ്രീമതി.രാജിമോൾ.എസ്സ്, അസിസ്റ്റന്റ് എൻജിനീയർ. |
| 3-4 | - | 11157 | ശ്രീമതി.അജിത അനീഷ്, അസിസ്റ്റന്റ് എൻജിനീയർ. |
| 3-5 | - | 8673 | ശ്രീമതി.രാജിമോൾ.എസ്സ് അസിസ്റ്റന്റ് എൻജിനീയർ. |
| ആകെ | - | 74,042 | |

**(സി) ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19(1) | 95250 | ശ്രീ.വാമനൻ, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. |
| 1-19(2) | 475400 | ശ്രീ.വാമനൻ, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് |
| 1-22 | 300000 | ശ്രീമതി.ടെസ്സില.എൻ.എ, സെക്രട്ടറി |
| 1-23 | 27500 | ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-24 | 120000 | ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-25 | 150000 | ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-26 | 18151 | ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-27 | 800000 | ശ്രീ.അനിൽ.കെ. ആന്റോ, കൃഷി ഓഫീസർ. |
| 1-28 | 87998 | ശ്രീ. ബിജു.എം.ബി, വിഇഒ. |
| ആകെ | 2074299 | |

**ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

--ഇല്ല--

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ. 1(36)

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ടെസ്സീല.എൻ.എ, സെക്രട്ടറി | സെക്രട്ടറി, വെളിയനാട് ഗ്രാമപഞ്ചായത്ത് | അനന്താലയം, അവലൂക്കുന്നു.പി. ഒ ആലപ്പുഴ |
| ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം), ആയുർവേദ ആശുപത്രി, വെളിയനാട്. | കൂടൽ മന,ശ്രീഗംഗ സനാതനപുരം. പി. ഒ. ആലപ്പുഴ |
| ശ്രീമതി.പ്രീജ ബാലൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കടമ്പനാട് കൃഷി ഭവൻ,പത്തനംതിട്ട | ഇന്ദിര ഭവൻ, മുരുന്തൽ, പെരിനാട്.പി. ഒ, കൊല്ലം. |
| ശ്രീമതി.രാജിമോൾ. എസ്സ് അസിസ്റ്റന്റ് എൻജിനീയർ. | അസിസ്റ്റന്റ് എൻജിനിയർ, വെളിയനാട് ഗ്രാമ പഞ്ചായത്ത് | നെടുംപറമ്പിൽ, അമ്പലപ്പുഴ |
| ശ്രീമതി.അജിത അനീഷ്, അസിസ്റ്റന്റ് എൻജിനിയർ. | അസിസ്റ്റന്റ് എൻജിനിയർ, നീലംപേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ. | ഇത്തിപ്പറമ്പിൽ, പള്ളുരുത്തി നട, പള്ളുരുത്തി പി.ഒ |
| ശ്രീ.ബിജു എം.ബി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് ഗ്രാമ പഞ്ചായത്ത് | മാമ്പള്ളിൽ, വേഴപ്ര പി.ഒ, വെളിയനാട്,ആലപ്പുഴ. |
| ശ്രീ. വാമനൻ എൻ.കെ, എച്ച്.എം. ഗവ.എൽ.പി.എസ്, കുന്നംകരി | ജി.എച്ച്.എസ്.എൽ.പി.എസ്. തിരുനല്ലൂർ പി.ഒ | കരുണ, തൈക്കൽ പി.ഒ, ചേർത്തല. |

**4-9** **തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03, തീയതി – 04-11-03/10-12-03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി – 03-04-12/12-04-12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി – 03-04-12/12-04-12 |
| 2002-03 | എൽഎഫ്എ-പി3/1006/11, തീയതി – 03-04-12/12-04-12 |
| 2003-04 | എൽഎഫ്എ-പി3/1007/11, തീയതി – 03-04-12/10-05-12 |
| 2004-05 | എൽഎഫ്എ-പി3/1008/11, തീയതി – 13-04-12/13-06-12 |
| 2005-06 | എൽഎഫ്എ-പി3/1009/11, തീയതി – 13-04-12/13-06-12 |
| 2008-09 | എൽഎഫ്എ-പി3/1012/11, തീയതി – 16-04-12/13-06-12 |
| 2009-10 | എൽഎഫ്എ-പി3/1013/11, തീയതി – 16-04-12/13-06-12 |
| 2010-11, 2011-12, 2012-13 | എൽഎഫ്എ-പി10/1573/13, തീയതി – 26-04-14/15-07-14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/ 16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.12/5/2017/ 09.01.2017 |

| | |
|---|---|
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.12/1177/2017/ 11.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.12/282/19/16.05.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-2**

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ